**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിനുള്ള രൂപരേഖ**
**നവംബർ 23-26, 2023**
**പൊതുവിഷയം:**
**ക്രിസ്തുവിന്റെ ആസ്വാദനവും പക്വതയിങ്കലേക്കുള്ള നമ്മുടെ ജീവനിലുള്ള വളർച്ചയും**

ദൂത് മൂന്ന്

**ജീവനിലുള്ള ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിലുള്ള നമ്മുടെ പക്വതയിങ്കലേക്ക് നമ്മുടെ ഉള്ളിലുള്ള ജീവന്റെ ദിവ്യവിത്തിന്റെ വളർച്ചയ്ക്കുവേണ്ടി നമ്മുടെ ഹൃദയത്തോട് ഇടപെടുന്നു**

MC *Hymns*: ML249

തിരുവെഴുത്ത് വായന: മത്താ. 5:8; 13:3-9, 18-23; സദൃ. 4:23; യിരെ. 32:39; എഫെ. 3:16-17

Matt. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

Matt. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

Matt. 13:4 അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു.

Matt. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

Matt. 13:6 എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി.

Matt. 13:7 വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്ന് അവയെ ഞെരുക്കിക്കളഞ്ഞു.

Matt. 13:8 എന്നാൽ വേറെ ചിലത് നല്ല നിലത്തു വീണു ഫലം കായ്ച്ചു, ഒന്ന് നൂറുമടങ്ങ്, ഒന്ന് അറുപതുമടങ്ങ്, ഒന്ന് മുപ്പതുമടങ്ങ്.

Matt. 13:9 കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

Matt. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

Matt. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

Matt. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

Matt. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

Matt. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

Matt. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്,

ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

Prov. 4:23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

Jer. 32:39 അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും ഗുണംവരത്തക്കവണ്ണം അവർ എന്നെ എന്നേക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവർക്കു ഏകമനസ്സും ഏകമാർഗ്ഗവും കൊടുക്കും.

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

**I. ജീവനിലുള്ള നമ്മുടെ പക്വതയിങ്കലേക്ക് നമ്മുടെ ഉള്ളിലുള്ള ജീവന്റെ ദിവ്യവിത്തിന്റെ വളർച്ചയ്ക്കായി കർത്താവിന്റെ സാന്നിധ്യത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ഹൃദയത്തോടു നാം ഇടപെടണം; ഹൃദയം മനുഷ്യന്റെ ആന്തരിക ഭാഗങ്ങളുടെ ആകത്തുക, മനുഷ്യന്റെ പ്രധാന പ്രതിനിധി, അവന്റെ കാര്യകർത്താവാണ്:**

A. നമ്മുടെ ഹൃദയം നമ്മുടെ ദേഹിയുടെ—മനസ്സ്, വികാരം, ഇച്ഛാശക്തി—എന്നീ എല്ലാ ഭാഗങ്ങളോടുകൂടെ (മത്താ. 9:4; എബ്രാ. 4:12; പ്രവൃ. 11:23; യോഹ. 14:1; 16 :22)—നമ്മുടെ ആത്മാവിന്റെ ഒരു ഭാഗമായ മനസ്സാക്ഷിയുംകൂടി (എബ്രാ. 10:22; 1 യോഹ. 3:20) ചേരുന്ന ഒരു സംരചനയാണ്.

Matt. 9:4 യേശുവോ അവരുടെ നിരൂപണങ്ങളെ അറിഞ്ഞിട്ട് പറഞ്ഞു, നിങ്ങളുടെ ഹൃദയങ്ങളിൽ ദുഷ്കാര്യങ്ങൾ നിരൂപിക്കുന്നത് എന്തിന്?

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

Acts. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

John. 14:1 നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകുവാൻ ഇടവരുത്; ദൈവത്തിലേക്കു വിശ്വസിക്കുവിൻ, എന്നിലേക്കും വിശ്വസിക്കുവിൻ.

John. 16:22 അതുകൊണ്ട് ഇപ്പോൾ നിങ്ങൾക്കും ദുഃഖമുണ്ട്; എന്നാൽ ഞാൻ നിങ്ങളെ വീണ്ടും കാണുകയും നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും, ആരും നിങ്ങളുടെ സന്തോഷം നിങ്ങളിൽനിന്ന് എടുത്തുമാറ്റുകയുമില്ല.

Heb. 10:22 ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

1 John. 3:20 നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു.

B. നമ്മുടെ ഹൃദയം സജീവമാകുമ്പോൾ മാത്രമേ ആത്മാവിന്റെ വ്യായാമം കാര്യക്ഷമമാകുകയുള്ളൂ; മനുഷ്യന്റെ ഹൃദയം നിസ്സംഗമാണെങ്കിൽ, ആത്മാവ് ഉള്ളിൽ തടവിലാക്കപ്പെടുകയും അതിന്റെ കഴിവ് പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്യും—മത്താ. 5:3, 8; സങ്കീ. 78:8.

Matt. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

Matt. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

Psa. 78:8 തങ്ങളുടെ പിതാക്കന്മാരെപോലെ ശാഠ്യവും മത്സരവും ഉള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാക്കാതെ ദൈവത്തോടു അവിശ്വസ്തമനസ്സുള്ളോരു തലമുറയായി തീരാതിരിക്കയും ചെയ്യേണ്ടതിന്നു തന്നേ.

C. ദേഹി വ്യക്തിതന്നെയാണ്, എന്നാൽ ഹൃദയം പ്രവർത്തനത്തിലുള്ള വ്യക്തിയാണ്; ഹൃദയം നമ്മുടെ മുഴുവൻ ആളത്തത്തിന്റെയും കാര്യകർത്താവ്, ദ്വാരപാലകനാണ്.

D. നമ്മുടെ ഭൗതിക ശരീരത്തിന്റെ പ്രവർത്തനങ്ങളും ചലനങ്ങളും നമ്മുടെ ഭൗതിക ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നു; അതുപോലെ, നമ്മുടെ ദൈനംദിന ജീവിതം, നാം പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്ന രീതി, നമുക്ക് ഏതുതരം മാനസിക ഹൃദയമാണ് ഉള്ളത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

E. ഹൃദയം ജീവന്റെ ആഗമനവും നിർഗമനവുമാണ്, ജീവന്റെ "സ്വിച്ച്" ആണ്; ഹൃദയം ശരിയല്ലെങ്കിൽ, ആത്മാവിലുള്ള ജീവൻ തടസ്സപ്പെടും, ജീവന്റെ വ്യവസ്ഥയ്ക്ക് നമ്മുടെ അസ്തിത്വത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരാൻ സ്വതന്ത്രമായും തടസ്സമില്ലാതെയും പ്രവർത്തിക്കാൻ കഴിയില്ല; ജീവന് വലിയ ശക്തിയുണ്ടെങ്കിലും, ഈ മഹാശക്തി നമ്മുടെ ചെറിയ ഹൃദയത്താൽ നിയന്ത്രിക്കപ്പെടുന്നു—സദൃ. 4:23; മത്താ. 12:33-37; പ്ര.നി. യെഹെ. 36:26-27.

Prov. 4:23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

Matt. 12:33 ഒന്നുകിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും നല്ലതാക്കുവിൻ, അല്ലെങ്കിൽ വൃക്ഷത്തെയും അതിന്റെ ഫലത്തെയും ദുഷിച്ചതാക്കുവിൻ; ഫലത്താലല്ലോ വൃക്ഷത്തെ അറിയുന്നത്.

Matt. 12:34 സർപ്പസന്തതികളേ, ദുഷ്ടന്മാരായിരിക്കെ നിങ്ങൾക്കു നല്ല കാര്യങ്ങൾ എങ്ങനെ സംസാരിക്കുവാൻ കഴിയുന്നു? ഹൃദയത്തിന്റെ സമൃദ്ധിയിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്.

Matt. 12:35 നല്ല മനുഷ്യൻ, തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലകാര്യങ്ങളെ പുറപ്പെടുവിക്കുന്നു, ദുഷ്ട മനുഷ്യനോ, തന്റെ ദുഷ്ട നിക്ഷേപത്തിൽനിന്നു ദുഷ്ടകാര്യങ്ങളെ പുറപ്പെടുവിക്കുന്നു.

Matt. 12:36 മനുഷ്യർ സംസാരിക്കുവാൻ പോകുന്ന സകല വെറുംവാക്കിനും ന്യായവിധിയുടെ ദിവസത്തിൽ അതെക്കുറിച്ച് അവർ കണക്കു ബോധിപ്പിക്കും.

Matt. 12:37 എന്തെന്നാൽ നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.

Ezek. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

Ezek. 36:27 ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.

**II. ജീവനിലുള്ള നമ്മുടെ വളർച്ച സഭയെ ക്രിസ്തുവിന്റെ ശരീരമായി പണിയുന്നു, അത് നമ്മുടെ ഹൃദയത്തിൽ ജീവന്റെ വിത്തെന്ന നിലയിൽ ക്രിസ്തുവിന്റെ വളർച്ചയാൽ സംഭവിക്കുന്നു (1 യോഹ. 3:9; 1 പത്രൊ. 1:23; കൊലൊ. 2:19. എഫെ. 2:21; 4:15-16; മത്താ. 13:18-23); താഴെപ്പറയുന്ന സവിശേഷതകളോടെ നമ്മുടെ ഹൃദയയം കാക്കപ്പെടേണ്ടതിന് അതിനോട് ഇടപെട്ടുകൊണ്ട് നാം കർത്താവുമായി സഹകരിക്കണം:**

1 John. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

1 Pet. 1:23 ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനു ള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Eph. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

Matt. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

Matt. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

Matt. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

Matt. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

Matt. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

Matt. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു

മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

A. നമ്മുടെ ഹൃദയം മൃദുവായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു:

1. ദൈവം നമ്മുടെ ഹൃദയത്തോട് ഇടപെടുമ്പോൾ, അവൻ നമ്മുടെ ജഡത്തിൽ നിന്ന് കല്ലായ ഹൃദയം നീക്കി, മാംസമുള്ള ഹൃദയം, മൃദുവായ ഹൃദയം നൽകുന്നു—യെഹെ. 36:26.

Ezek. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

2. മൃദുവായിരിക്കുക എന്നതിനർഥം നമ്മുടെ ഹൃദയം കർത്താവിന് കീഴ്പെടുകയും വഴങ്ങുകയും ചെയ്യുന്നു എന്നും, ദുശ്ശാഠ്യമുള്ളതും മത്സരിക്കുന്നതുമല്ല എന്നുമാണ്—പ്ര.നി. പുറ. 32:9.

Exo. 32:9 ഞാൻ ഈ ജനത്തെ നോക്കി, അതു ദുശ്ശാഠ്യമുള്ള ജനം ആകുന്നു എന്നു കണ്ടു.

3. മൃദുവായ ഹൃദയമാണ് ക്രിസ്തുവിന് സ്വതന്ത്രമായി വളരാൻ കഴിയുന്ന നല്ല ഭൂമി; അത് സ്വന്തകാര്യം അന്വേഷിക്കാത്തതും, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും ഇല്ലാത്തതുമായ, ലൗകിക ഗതാഗതത്താൽ കഠിനപ്പെടാത്ത ഹൃദയമാണ്—മത്താ. 13:3-9, 18-23.

Matt. 13:3 അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞത്, ഇതാ, വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

Matt. 13:4 അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു.

Matt. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

Matt. 13:6 എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി.

Matt. 13:7 വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്ന് അവയെ ഞെരുക്കിക്കളഞ്ഞു.

Matt. 13:8 എന്നാൽ വേറെ ചിലത് നല്ല നിലത്തു വീണു ഫലം കായ്ച്ചു, ഒന്ന് നൂറുമടങ്ങ്, ഒന്ന് അറുപതുമടങ്ങ്, ഒന്ന് മുപ്പതുമടങ്ങ്.

Matt. 13:9 കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

Matt. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

Matt. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

Matt. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

Matt. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

Matt. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

Matt. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

4. നമ്മെ സ്പർശിക്കുവാൻ തന്റെ സ്നേഹം ഉപയോഗിച്ച് ദൈവം നമ്മുടെ ഹൃദയത്തെ മൃദുവാക്കുന്നു; സ്നേഹത്തിന് നമ്മെ സ്പർശിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നമ്മുടെ ഹൃദയം മൃദുവാക്കുവോളം പരിസ്ഥിതിയിലൂടെ നമ്മെ ശിക്ഷണവിധേയമാക്കുവാൻ തന്റെ കരത്തെ അവൻ ഉപയോഗിക്കുന്നു—2 കൊരി. 5:14; 4:16-18; എബ്രാ. 12:6-7; പ്ര.നി. യിരെ. 48:11.

2 Cor. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2 Cor. 4:17 ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു,

2 Cor. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

Heb. 12:6 എന്തെന്നാൽ കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും അവൻ തല്ലുന്നു."

Heb. 12:7 ശിക്ഷണത്തിനായിട്ടത്രേ നിങ്ങൾ സഹിക്കുന്നത്; ദൈവം പുത്രന്മാരോട് എന്നപോലെ നിങ്ങളോട് ഇടപെടുന്നു. അപ്പൻ ശിക്ഷിക്കാത്ത ഏത് പുത്രനുണ്ട്?

Jer. 48:11 മോവാബ് ബാല്യംമുതൽ സ്വൈരമായി മട്ടിന്മീതെ തെളിഞ്ഞുനിന്നു; അവനെ പാത്രത്തിൽനിന്നു പാത്രത്തിലേക്കു പകരുകയോ പ്രവാസത്തിലേക്കു കൊണ്ടുപോകയോ ചെയ്തിട്ടില്ല; അതുകൊണ്ടു അവന്റെ സ്വാദു അവനിൽ തന്നേ ഇരിക്കുന്നു; അവന്റെ മണം പോയ്പോയിട്ടുമില്ല.

B. നമ്മുടെ ഹൃദയം ശുദ്ധമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു:

1. ദൈവത്തെ സ്നേഹിക്കുകയും ദൈവത്തെ ആഗ്രഹിക്കുകയും ചെയ്യുന്ന ഹൃദയമാണ് ശുദ്ധമായ ഹൃദയം; ദൈവത്തെകൂടാതെ അതിന് മറ്റൊരു സ്നേഹമോ ചായിവോ ആഗ്രഹമോ ഇല്ല—മത്താ. 5:8; സങ്കീ. 73:25; പ്ര.നി. യിരെ. 32:39.

Matt. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

Psa. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

Jer. 32:39 അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും

ഗുണംവരത്തക്കവണ്ണം അവർ എന്നെ എന്നേക്കും ഭയപ്പെടേണ്ടതിന്നു ഞാൻ അവർക്കു ഏകമനസ്സും ഏകമാർഗ്ഗവും കൊടുക്കും.

2. നമ്മുടെ ഹൃദയം ദൈവത്തോട് ഏകാഗ്രമായിരിക്കണം, അങ്ങനെ അവനെ വ്രണപ്പെടുത്തുകയും അവന്റെ സാന്നിധ്യം നഷ്ടപ്പെടുകയും ചെയ്യുന്നതല്ലാതെ മറ്റൊന്നിനെക്കുറിച്ചും നാം ഭയപ്പെടുന്നില്ല—സങ്കീ. 86:11; യെശ. 11:1-2.

| | |
|---|---|
| Psa. 86:11 | യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ. |
| Isa. 11:1 | എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും. |
| Isa. 11:2 | അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ. |

3. ഹൃദയശുദ്ധിയുള്ളവരായിരിക്കുക എന്നാൽ ദൈവത്തിന്റെ മഹത്വത്തിനായി ദൈവഹിതം നിറവേറ്റുക എന്ന ഏക ലക്ഷ്യം ഉണ്ടായിരിക്കുന്നതാണ്; ക്രിസ്തുവിന്റെ പൂർണ്ണാസ്വാദനവും നേട്ടവും ആയിരിക്കണം നമ്മുടെ ലക്ഷ്യം—ഫിലി. 3:7-14.

| | |
|---|---|
| Phil. 3:7 | എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു. |
| Phil. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |
| Phil. 3:9 | അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്, |
| Phil. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |
| Phil. 3:11 | മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു. |
| Phil. 3:12 | നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു. |
| Phil. 3:13 | സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും, |
| Phil. 3:14 | ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു. |

4. “നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം”

നാം ക്രിസ്തുവിനെ പിൻപറ്റണം—2 തിമൊ.2:22; 1 തിമൊ. 1:5; സങ്കീ. 73:1.

1 Tim. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

Psa. 73:1 മൂന്നാം പുസ്തകം. ആസാഫിന്റെ ഒരു സങ്കീർത്തനം. ദൈവം യിസ്രായേലിന്നു, നിർമ്മലഹൃദയമുള്ളവർക്കു തന്നേ, നല്ലവൻ ആകുന്നു നിശ്ചയം.

C. നമ്മുടെ ഹൃദയം സ്നേഹമുള്ളതായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു:

1. ഒരു സ്നേഹമുള്ള ഹൃദയം എന്നത്, കർത്താവുമായി വ്യക്തിപരവും ഹൃദ്യവും സ്വകാര്യവും ആത്മികവുമായ ബന്ധത്തോടുകൂടെ, അതിലുള്ള വികാരം ദൈവത്തെ സ്നേഹിക്കുകയും ദൈവത്തെ ആഗ്രഹിക്കുകയും ദൈവത്തിനായി ദാഹിക്കുകയും ദൈവത്തിനായി വാഞ്ഛിക്കുകയും ചെയ്യുന്നതാണ്—42:1-2; ഉത്ത. 1:1-4.

Psa. 42:1 രണ്ടാം പുസ്തകം.സംഗീതപ്രമാണിക്കു; കോരഹ് പുത്രന്മാരുടെ ഒരു ധ്യാനം. മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു.

Psa. 42:2 എന്റെ ആത്മാവു ദൈവത്തിന്നായി, ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും.

S. S. 1:1 ശലോമോന്റെ ഉത്തമഗീതം.

S. S. 1:2 അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.

S. S. 1:3 നിന്റെ തൈലം സൗരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു.

S. S. 1:4 നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക; രാജാവു എന്നെ പള്ളിയറകളിലേക്കു കൊണ്ടുവന്നിരിക്കുന്നു; ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും; നിന്റെ പ്രേമത്തെ വീഞ്ഞിനെക്കാൾ ശ്ലാഘിക്കും; നിന്നെ സ്നേഹിക്കുന്നതു ഉചിതം തന്നേ.

2. നാം നമ്മുടെ ഹൃദയത്തെ വീണ്ടും വീണ്ടും കർത്താവിലേക്ക് തിരിച്ച് അതിനെ നിരന്തരം പുതുക്കണം, അങ്ങനെ നമുക്ക് കർത്താവിനോട് പുതിയതും പുതുമയുള്ളതുമായ സ്നേഹം ഉണ്ടായിരിക്കും—2 കൊരി. 3:16.

2 Cor. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

3. എല്ലാ ആത്മികാനുഭവങ്ങളും ഹൃദയത്തിലെ സ്നേഹത്തോടെ ആരംഭിക്കുന്നു; നാം കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ, ഏതെങ്കിലും തരത്തിലുള്ള ആത്മികാനുഭവവും സ്വീകരിക്കുക അസാധ്യമാണ്—എഫെ. 6:24; വെളി. 2:4-5.

Eph. 6:24 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ.

Rev. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

Rev. 2:5 അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു

മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും.

4. കർത്താവിനോടുള്ള നമ്മുടെ സ്നേഹം, അവന്റെ അധികാരത്താൽ കർത്താവിനുവേണ്ടി സംസാരിക്കാൻ നമ്മെ യോഗ്യരാക്കുകയും, തികവുള്ളവരാക്കുകയും, സജ്ജരാക്കുകയും ചെയ്യുന്നു; നാം കർത്താവിനെ അങ്ങേയറ്റം സ്നേഹിക്കുന്നുവെങ്കിൽ, നാം അവനെകൊണ്ട് നിറയുകയും കവിഞ്ഞൊഴുകുകയും ചെയ്യും—യോഹ. 21:15-17; മത്താ. 26:6-13; 28:18-20.

John. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

John. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

John. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

Matt. 26:6 യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ ആയിരുന്നപ്പോൾ,

Matt. 26:7 വിലയേറിയ പരിമള തൈലത്തിന്റെ വെൺകൽ ഭരണി കൈവശമുള്ള ഒരു സ്ത്രീ, അവന്റെ അടുക്കൽ വന്ന്, അവൻ ഭക്ഷണത്തിന് ഇരിക്കവേ, അത് അവന്റെ തലമേൽ ഒഴിച്ചു.

Matt. 26:8 എന്നാൽ ശിഷ്യന്മാർ അതു കണ്ടപ്പോൾ, അവർ കുപിതരായി പറഞ്ഞത്, ഈ പാഴ്ച്ചെലവ് എന്തിന്?

Matt. 26:9 ഇതു വളരെ വിലയ്ക്ക് വിറ്റ് ദരിദ്രർക്കു കൊടുക്കാമായിരുന്നു.

Matt. 26:10 എന്നാൽ യേശു അതറിഞ്ഞ്, അവരോടു പറഞ്ഞു, നിങ്ങൾ സ്ത്രീയെ വിഷമിപ്പിക്കുന്നത് എന്തിന്? അവൾ എനിക്ക് ഒരു ഉത്തമ പ്രവൃത്തിയല്ലോ ചെയ്തത്.

Matt. 26:11 ദരിദ്രർ എല്ലായ്പ്പോഴും നിങ്ങളോടു കൂടെത്തന്നെ നിങ്ങൾക്കുണ്ട്, എന്നാൽ ഞാൻ നിങ്ങൾക്ക് എല്ലായ്പ്പോഴും ഇല്ല.

Matt. 26:12 അവൾ ഈ തൈലം എന്റെ ശരീരത്തിനുമേൽ ഒഴിച്ചിരിക്കുന്നത്, എന്റെ അടക്കത്തിനുവേണ്ടി ചെയ്തതാകുന്നു.

Matt. 26:13 ഈ സുവിശേഷം സർവലോകത്തിലും എവിടെയെല്ലാം പ്രഘ്യാപിക്കപ്പെടുന്നുവോ, ഈ സ്ത്രീ ചെയ്തത് അവളുടെ ഓർമയ്ക്കായി പറയപ്പെടുന്നതായിരിക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

Matt. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

Matt. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

Matt. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

D. നമ്മുടെ ഹൃദയം സമാധാനത്തിലായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു:

1. കുറ്റമില്ലാത്തതോ കുറ്റപ്പെടുത്താതോ നിന്ദക്കുകയോ ചെയ്യാത്ത മനസ്സാക്ഷിയുള്ള ഹൃദയമാണ് സമാധാനമുള്ള ഹൃദയം—പ്രവൃ. 24:16; 1 യോഹ. 3:19-21; എബ്രാ. 10:22.

Acts. 24:16 ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു.

1 John. 3:19 ഇതിൽ നാം സത്യത്തിൽനിന്നുള്ളവർ എന്ന് അറിയുകയും, അവനു മുമ്പാകെ നമ്മുടെ ഹൃദയത്തെ പ്രേരിപ്പിക്കുകയും ചെയ്യും,

1 John. 3:20 നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു.

1 John. 3:21 പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, നമുക്കു ദൈവത്തോട് ധൈര്യമുണ്ട്;

Heb. 10:22 ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

2. ദൈവത്തിന്റെ സാന്നിധ്യത്തിന്റെ വെളിച്ചത്തിൽ നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയാണെങ്കിൽ, നമുക്ക് അവന്റെ പാപമോചനവും അവന്റെ ശുദ്ധീകരണവും ലഭിക്കുന്നു, അങ്ങനെ നല്ലതും ശുദ്ധവുമായ മനസ്സാക്ഷിയോടെ ദൈവവുമായുള്ള തടസ്സമില്ലാത്ത കൂട്ടായ്മ ആസ്വദിക്കാൻ നമുക്കു കഴിയും—1 യോഹ. 1:7, 9; 1 തിമൊ. 1:5; 3:9.

1 John. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 John. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

1 Tim. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

3. പ്രാർഥനയിൽ ദൈവവുമായുള്ള കൂട്ടായ്മ അഭ്യസിക്കുന്നതിന്റെ ഫലം, നാം ദൈവത്തിന്റെ സമാധാനം ആസ്വദിക്കുന്നു എന്നാണ്, അത് വാസ്തവത്തിൽ ദൈവം സമാധാനമെന്ന നിലയിൽ നമ്മെ ശാന്തമായും സ്വസ്ഥമായും കാത്തുകൊണ്ട്, ക്രിസ്തുവിൽ നമ്മുടെ ഹൃദയങ്ങൾക്കും ചിന്തകൾക്കും മുമ്പാകെ റോന്തുചുറ്റുന്നതാണ്—ഫിലി. 4:6-7.

Phil. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

Phil. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

4. ഏക പുതുമനുഷ്യനെ ധരിക്കുവാൻ അന്യോന്യം ക്ഷമിച്ചുകൊണ്ട് ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കുവാൻ നാം അനുവദിക്കണം—കൊലൊ. 3:13-15.

Col. 3:13 ആർക്കെങ്കിലും എതിരായി ഒരുവന് പരാതിയുണ്ടെങ്കിൽ, അന്യോന്യം വഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ; കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അങ്ങനെതന്നെ ക്ഷമിക്കണം.

Col. 3:14 ഇവ എല്ലാറ്റിനും മീതെ തികവിന്റെ ഏകീകരണ ബന്ധമായ സ്നേഹം ധരിക്കുവിൻ.

Col. 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

**III. ദൈവജീവൻ നമ്മുടെ ഹൃദയത്തിൽ നേരിടുന്ന തടസ്സങ്ങളെ നാം കാണണം:**

A. ദൈവജീവൻ നമ്മിൽ നേരിടുന്ന ഒന്നാമത്തെ പ്രശ്നം, നമ്മുടെ മാനുഷിക ധാരണകളുടെ അന്ധകാരം നാം തിരിച്ചറിയുന്നില്ല എന്നതാണ്—2 കൊരി. 3:14; 4:4:

2 Cor. 3:14 എന്നാൽ അവരുടെ ചിന്തകൾ കഠിനപ്പെട്ടുപോയി; പഴയ ഉടമ്പടി വായിക്കുമ്പോൾ അതേ മൂടുപടം ഇന്നുവരെയും ഇരിക്കുന്നു, ക്രിസ്തുവിൽ ആ മൂടുപടം നീങ്ങിപ്പോകുന്നു എന്ന് അവർക്ക് അനാവരണം ചെയ്യപ്പെടുന്നില്ല.

2 Cor. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

1. നമ്മിലുള്ള ജീവനുള്ള ക്രിസ്തുവിനെ നാം എങ്ങനെ പരിപാലിക്കുന്നു എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ ബാധകമായ ഏക കാര്യമെന്ന് നാം കാണേണ്ടതുണ്ട്—ഗലാ. 1:16; 2:20; 4:19; ഫിലി. 1:19-21; 2 കൊരി. 3:18.

Gal. 1:16 ജാതികളുടെ ഇടയിൽ അവനെ സുവിശേഷമായി ഞാൻ അറിയിക്കേണ്ടതിന് തന്റെ പുത്രനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഉടനെ ഞാൻ ജഡരക്തത്തോട് ആലോചിക്കുകയോ,

Gal. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

Gal. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

2. ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നതിനർഥം ക്രിസ്തുവല്ലാതെ മറ്റൊന്നിനെയും നമ്മുടെ ലക്ഷ്യമായി എടുക്കാതിരിക്കുന്നതാണ്; ജീവന്റെ പാത അറിയാത്തതിനാലും ക്രിസ്തുവിനെ ജീവനായി എടുക്കാത്തതിനാലും രക്ഷപ്പെട്ടതിനുശേഷം പലർക്കും അവരുടെ ആത്മിക ജീവിതത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു—റോമ. 8:6.

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

B. നമ്മിൽ ജീവൻ നേരിടുന്ന രണ്ടാമത്തെ പ്രശ്നം കപടതയാണ്—മത്താ. 6:2, 5; 7:5; 23:13-29:

Matt. 6:2 ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

Matt. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു.

അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

Matt. 7:5 കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ വ്യക്തമായി കാണും.

Matt. 23:13 എന്നാൽ ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ മനുഷ്യരുടെ മുമ്പാകെ സ്വർഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ തന്നെത്താൻ പ്രവേശിക്കുന്നില്ല, പ്രവേശിക്കുന്നവരെ പ്രവേശിക്കുവാൻ അനുവദിക്കുന്നതുമില്ല.

Matt. 23:14 എന്നാൽ ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ നാട്യത്തിനായി ദൈർഘ്യമേറിയ പ്രാർഥനകൾ പ്രാർഥിക്കുമ്പോഴും വിധവമാരുടെ ഭവനങ്ങളെ വിഴുങ്ങിക്കളയുന്നു. ഇക്കാരണത്താൽ നിങ്ങൾക്ക് ഏറിയ ന്യായവിധി ലഭിക്കും.

Matt. 23:15 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! എന്തെന്നാൽ നിങ്ങൾ കടലും കരയും ചുറ്റിനടന്ന് ഒരുവനെ സ്വമതത്യാഗിയാക്കുന്നു; അവൻ അങ്ങനെ ആകുമ്പോഴോ, നിങ്ങൾ അവനെ നിങ്ങൾക്ക് ഇരട്ടിയായി ഗെഹെന്നയുടെ പുത്രനാക്കുന്നു.

Matt. 23:16 ആരെങ്കിലും ആലയത്തെക്കൊണ്ട് ശപഥം ചെയ്താൽ അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും ആലയത്തിലെ സ്വർണത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ് എന്നു പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് അയ്യോ കഷ്ടം!

Matt. 23:17 മൂഢരും കുരുടരും ആയവരേ, ഏതാകുന്നു വലിയത്, സ്വർണമോ സ്വർണത്തെ വിശുദ്ധീകരിക്കുന്ന ആലയമോ?

Matt. 23:18 പിന്നെയും, ആരെങ്കിലും യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്താൽ, അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും അതിന്മേലുള്ള ഉപഹാരത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ്.

Matt. 23:19 കുരുടന്മാരേ, ഏതാകുന്നു വലിയത്, ഉപഹാരമോ ഉപഹാരത്തെ വിശുദ്ധീകരിക്കുന്ന യാഗപീഠമോ?

Matt. 23:20 അതുകൊണ്ട്, യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്യുന്നവൻ അതിനെക്കൊണ്ടും അതിന്മേലുള്ള സകലത്തെക്കൊണ്ടും ശപഥം ചെയ്യുന്നു;

Matt. 23:21 ആലയത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, അതിനെക്കൊണ്ടും അതിൽ വസിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു;

Matt. 23:22 സ്വർഗത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, ദൈവത്തിന്റെ സിംഹാസനത്തെക്കൊണ്ടും അതിന്മേൽ ഇരിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു.

Matt. 23:23 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പുതിനയും ചതകുപ്പയും ജീരകവും ദശാംശം കൊടുക്കുകയും, ന്യായപ്രമാണത്തിന്റെ ഘനമേറിയ കാര്യങ്ങളായ ന്യായവും

കരുണയും വിശ്വസ്തതയും അവഗണിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇവയെ നീ ചെയ്യുകയും, മറ്റുള്ളവയെ നീ അവഗണിക്കാതിരിക്കുകയും വേണമായിരുന്നു.

Matt. 23:24 കുരുടന്മാരായ വഴികാട്ടികളേ! നിങ്ങൾ കൊതുകിനെ അരിക്കുകയും, എന്നാൽ ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നു.

Matt. 23:25 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പാനപാത്രത്തിന്റെയും തളികയുടെയും പുറം വെടിപ്പാക്കുന്നു, എന്നാൽ അകമേ അവർ അപഹരണത്താലും ഭോഗാസക്തിയാലും നിറഞ്ഞിരിക്കുന്നു.

Matt. 23:26 കുരുടനായ പരീശനേ, പാനപാത്രത്തിന്റെയും തളികയുടെയും പുറം വൃത്തിയാകേണ്ടതിന് ആദ്യം അവയുടെ അകം വെടിപ്പാക്കുവിൻ.

Matt. 23:27 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ വെള്ളപൂശിയ ശവക്കല്ലറകളോടു സദൃശമാകുന്നു, അവ പുറമേ അഴകായി കാണപ്പെടുന്നു, എന്നാൽ അകമേ മരിച്ചവരുടെ അസ്ഥികളാലും സകല അശുദ്ധിയാലും നിറഞ്ഞിരിക്കുന്നു.

Matt. 23:28 അങ്ങനെ നിങ്ങളും പുറമേ മനുഷ്യർക്കു നീതിമാന്മാരായി കാണപ്പെടുന്നു, എന്നാൽ അകമേ നിങ്ങൾ കാപട്യത്താലും അധർമത്താലും നിറഞ്ഞിരിക്കുന്നു.

Matt. 23:29 ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പ്രവാചകന്മാരുടെ ശവകുടീരങ്ങളെ പണിയുകയും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിക്കുകയും ചെയ്യുന്നു,

1. ഒരു വ്യക്തിയുടെ ആത്മികതയെ നിർണയിക്കുന്നത് ബാഹ്യമായ ദൃഷ്ടിഭാവത്താലല്ല, മറിച്ച് അവൻ ഉൾവസിക്കുന്ന ക്രിസ്തുവിനെ എങ്ങനെ പരിപാലിക്കുന്നു എന്നതിലാണ്.
2. നമ്മുടെ സ്വാഭാവിക നന്മ വ്യാജ ആത്മികതയാണ്, അത് യഥാർഥത്തിൽ ജീവന് ഒരു വലിയ തടസ്സമാണ്; നമ്മുടെ സ്വാഭാവിക സഹജസ്വഭാവത്തെയും മുൻഗണനകളെയും തിരസ്കരിക്കുന്നതും നമ്മിൽ വ്യാപരിക്കുവാനും നമ്മെ തകർക്കുവാനും ക്രിസ്തുവിനെ അനുവദിക്കുന്നതും ജീവന്റെ ആവിഷ്കാരത്തിൽ ഉൾപ്പെടുന്നു.
3. നമ്മൾ എപ്പോഴും നമ്മുടെ സഹജസ്വഭാവത്തിനും സ്വാഭാവിക അസ്തിത്വത്തിനും അനുസൃതമായി കാര്യങ്ങൾ ചെയ്താൽ, ഫലം എപ്പോഴും കാപട്യമായിരിക്കും.

C. നമ്മിൽ ജീവൻ നേരിടുന്ന മൂന്നാമത്തെ പ്രശ്നം മത്സരമാണ്—2 കൊരി. 10:4-5:

2 Cor. 10:4 ഞങ്ങളുടെ യുദ്ധത്തിന്റെ ആയുധങ്ങൾ ജഡികമല്ല, കോട്ടകളെ മറിച്ചിടുവാൻ ദൈവമുമ്പാകെ ശക്തിയുള്ളവയത്രേ,

2 Cor. 10:5 അവയാൽ ഞങ്ങൾ വാദങ്ങളെയും ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി ഉയരുന്ന സകല ഉയർച്ചയെയും മറിച്ചിടുകയും, ക്രിസ്തുവിന്റെ അനുസരണത്തിങ്കലേക്ക് ഓരോ ചിന്തയെയും ബദ്ധമാക്കുകയും ചെയ്യുന്നു.

1. നമ്മെക്കുറിച്ചുള്ള തന്റെ ഹിതത്തെയും ആവശ്യകതകളെയും സംബന്ധിച്ചും നമ്മോടുള്ള അവന്റെ നടത്തിപ്പിനെയും ഇടപെടലിനെയും സംബന്ധിച്ചും നമുക്ക് വ്യക്തത നൽകുന്നതിനു ക്രിസ്തു നമ്മിൽ വ്യാപരിക്കുകയും നീങ്ങുകയും ചെയ്യുന്നു.

2. എങ്കിലും, നാം അനുസരിക്കാതെ ഉള്ളിലെ അനുഭൂതിക്കു വിരുദ്ധമായി പോകുകയും, അവന്റെ നടത്തിപ്പ് സ്വീകരിക്കുകയോ വില നൽകുകയോ ചെയ്യാതെയുമിരുന്നാൽ, ഈ മനസ്സില്ലായ്മയും എതിർപ്പും മത്സരമാണ്.
3. നാം ഏറ്റവും നിരന്തരമായും ഏറ്റവും കഠിനമായും ചെയ്യുന്ന പാപം ബാഹ്യമോ ദൃശ്യമോ ആയതല്ല; അത് നമ്മിലുള്ള ക്രിസ്തുവിന്റെ ബോധത്തെ അനുസരിക്കുന്നില്ല എന്ന പാപമാണ്; ക്രിസ്തു നമ്മിൽ ജീവിക്കുകയും, അവൻ നിരന്തരം നമുക്ക് ആന്തരികമായ ജീവബോധം നൽകുകയും ചെയ്യുന്നു—റോമ. 8:6; 1 യോഹ. 2:27; പ്ര.നി. എഫെ. 3:1; 4:1; 6:20; 2 കൊരി. 2:12-14.

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

1 John. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

Eph. 3:1 ഇതു നിമിത്തം ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിന്റെ തടവുകാരനായ പൗലൊസ് എന്ന ഞാൻ,

Eph. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

Eph. 6:20 അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ.

2 Cor. 2:12 അതുകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞാൻ ത്രോവാസിൽ വരുകയും, കർത്താവിൽ എനിക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്തപ്പോൾ,

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

D. നമ്മിൽ ജീവൻ നേരിടുന്ന നാലാമത്തെ പ്രശ്നം നമ്മുടെ സ്വാഭാവിക കഴിവാണ്:
1. അനേകം സഹോദരീസഹോദരന്മാർ കർത്താവിനെ യഥാർഥമായി സ്നേഹിക്കുന്നവരും, കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ളവരും വളരെ ദൈവഭക്തരുമാണ്; എന്നിരുന്നാലും, അവരുടെ ഏറ്റവും വലിയ പ്രശ്നം അവരുടെ കാര്യപ്രാപ്തിയുടെയും കഴിവുകളുടെയും ശക്തിയും മഹത്വവുമാണ്; തത്ഫലമായി, ക്രിസ്തുവിന് അവരിൽ യാതൊരു അടിത്തറയോ മാർഗമോ ഇല്ല.

2. നമ്മൾ കഴിവുള്ളവരും പ്രാപ്തിയുള്ളവരുമായിരിക്കാം, എന്നാൽ നാം ഇവയെ പാപമോ അശുദ്ധമോ ആയി കണക്കാക്കുന്നില്ല; നമ്മുടെ സ്വാഭാവിക കഴിവുകളെ നിന്ദിക്കുന്നതിനു പകരം, നാം അവയെ വിലമതിക്കുന്നു; അവ നമ്മിൽ തകർക്കപ്പെടാതെ നിലനിന്നാൽ, അവ ക്രിസ്തുവിന്റെ ജീവന് ഒരു പ്രശ്നമായിത്തീരും.

E. ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വിഘ്നം കൂടാതെ ആയിരിക്കണമെങ്കിൽ, നാം ക്രൂശിന്റെ തകർക്കൽ അനുഭവമാക്കി ഈ തടസ്സങ്ങളോട് ഇടപെടുവാനും അവയെ നീക്കം ചെയ്യുവാനും അനുവദിക്കണം—മത്താ. 16:24-25.

Matt. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

Matt. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

**IV. നമ്മുടെ ഹൃദയത്തിൽ ദൈവജീവൻ നേരിടുന്ന വ്യക്തിനിഷ്ഠമായ തടസ്സങ്ങളെ നാം കാണേണ്ടതുണ്ട്:**

A. വ്യക്തിനിഷ്ഠമായ ഒന്നാമത്തെ പ്രശ്നം നമ്മുടെ മനസ്സിന്റെ പ്രശ്നമാണ്:

1. നാം ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മുടെ ചിന്തകളിൽ നിന്നാണ് ഉത്ഭവിക്കുന്നതെങ്കിൽ, അവ വിജയിച്ചാൽകൂടി മതപരമായ പ്രവർത്തനങ്ങളല്ലാതെ മറ്റൊന്നുമല്ല; അവ നമ്മുടെ ആത്മാവിൽ നിന്ന് ജീവിച്ചു വെളിപ്പെടുന്ന ക്രിസ്തുവിന്റെ സാക്ഷ്യമല്ല—പ്ര.നി. ഫിലി. 2:5; 1 കൊരി. 2:16; എഫെ. 4:23; റോമ. 12:2.

Phil. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

1 Cor. 2:16 ആർ കർത്താവിന്റെ മനസ്സറിഞ്ഞ് അവനെ നിർദേശിക്കും? എന്നാൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്.

Eph. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

Rom. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

2. നമുക്ക് ക്രിസ്തുവിന്റെ ജീവൻ ഉള്ളിൽ ഉണ്ടെങ്കിലും, നമ്മുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ക്രിസ്തുവിന്റെ ജീവനോടു നാം സഹകരിക്കുന്നില്ല, അതിനാൽ ഈ ജീവനു നമ്മിൽ നിന്ന് ജീവിച്ചു വെളിപ്പെടുവാൻ കഴിയുകയില്ല.

3. നമ്മുടെ മനസ്സ് ആത്മാവിൽ ഉറച്ചിരിക്കുമ്പോൾ, നമ്മുടെ ബാഹ്യപ്രവർത്തനങ്ങൾ നമ്മുടെ ആന്തരിക മനുഷ്യനുമായി യോജിക്കുന്നു, നമ്മളും ദൈവവും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ല; അവനും നാമും സമാധാനത്തിലാണ്, ശത്രുതയിലല്ല; തൽഫലമായി നാം ഉള്ളിൽ സമാധാനം അനുഭവിക്കുന്നു—8:6.

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

B. വ്യക്തിനിഷ്ഠമായ രണ്ടാമത്തെ പ്രശ്നം നമ്മുടെ ഇച്ഛയുടെ പ്രശ്നമാണ്:

1. നമ്മുടെ മനസ്സ് പലപ്പോഴും നമ്മുടെ ആത്മാവിന്റെ ഉദ്ദേശം മനസ്സിലാക്കുകയും, നാം ദൈവഹിതം അറിയുകയും ചെയ്യുന്നെങ്കിലും, നാം കീഴ്പ്പെടുവാനും

അനുസരിക്കാനും മനസ്സുള്ളവരല്ല.

2. നാം ഒരു പ്രത്യേക കാര്യം ചെയ്യുവാൻ കർത്താവ് ആഗ്രഹിക്കുന്നുവെന്ന് നാം മനസ്സിലാക്കുകയും അറിയുകയും ആഴത്തിൽ തിരിച്ചറിയുകയും ചെയ്തേക്കാം, എന്നാൽ നമ്മുടെ ഇച്ഛ കീഴപ്പെടുവാനും കീഴടങ്ങുവാനും വിസമ്മതിക്കുന്നു, അങ്ങനെ നാം കർത്താവിന്റെ സാന്നിധ്യം നഷ്ടപ്പെടുത്തുന്നു.
3. കർത്താവിന്റെ ഹിതം നിറവേറ്റാനുള്ള ശക്തമായ ഇച്ഛയും ദുർബലമായ ഇച്ഛയും ദൈവജീവന് തടസ്സമാണ്; ഇടപെടൽ പ്രാപിച്ച ഇച്ഛ കർത്താവിനാൽ കീഴ്പ്പെടുത്തപ്പെട്ടും ഉയിർപ്പിക്കപ്പെട്ടും ശക്തവും വഴങ്ങുന്നതുമാണ്; ദൈവവുമായി സഹകരിക്കാൻ കഴിയുന്ന ഒരു ഇച്ഛാശക്തി ഉണ്ടായിരിക്കുന്നത് ഒരു വലിയ കാര്യമാണ്—ഫിലി. 2:13.

Phil. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

C. വ്യക്തിനിഷ്ഠമായ മൂന്നാമത്തെ പ്രശ്നം നമ്മുടെ വികാരത്തിന്റെ പ്രശ്നമാണ്:

1. നമ്മുടെ വികാരത്തിന് ദൈവത്തിന്റെ വികാരം ഉണ്ടായിരിക്കുകയും, നാം ദൈവത്തിന്റെ വികാരത്തിലേക്ക് പൂർണമായി പ്രവേശിക്കുകയും വേണം—2 തെസ്സ. 3:5; ഫിലി. 1:8.

2 Thes. 3:5 കർത്താവ് നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ, സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ, സഹിഷ്ണുതയിലേക്കും നടത്തുമാറാകട്ടെ.

Phil. 1:8 ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി.

2. ദൈവം സ്നേഹിക്കുന്നതിനെ നാം സ്നേഹിക്കുകയും, ദൈവം ഇഷ്ടപ്പെടുന്നതിനെ ഇഷ്ടപ്പെടുകയും, ദൈവം വെറുക്കുന്നതിനെ വെറുക്കുകയും വേണം; നമ്മുടെ വികാരവും അവന്റെ വികാരവും ഒരു വികാരമായി മാറണം—എഫെ. 5:25; 2 കൊരി. 12:15; 1 കൊരി. 16:24; വെളി. 2:6; ഫിലി. 1:8.

Eph. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

2 Cor. 12:15 എന്നാൽ ഞാൻ നിങ്ങളുടെ ദേഹികൾ നിമിത്തം അതിസന്തോഷത്തോടെ ചെലവിടുകയും തീർത്തും ചെലവായിപ്പോകുകയും ചെയ്യും. ഞാൻ നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നെങ്കിൽ, എന്നെ അൽപമായി സ്നേഹിക്കുന്നുവോ?

1 Cor. 16:24 ക്രിസ്തു യേശുവിൽ എന്റെ സ്നേഹം നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

Rev. 2:6 എന്നാൽ നിക്കൊലാവ്യരുടെ പ്രവൃത്തികൾ നീ വെറുക്കുന്നു എന്നൊരു കാര്യം നിനക്കുണ്ട്, അത് ഞാനും വെറുക്കുന്നു.

Phil. 1:8 ക്രിസ്തു യേശുവിന്റെ അന്തർഭാഗങ്ങളിൽ നിങ്ങൾ എല്ലാവരെയും ഞാൻ എത്ര വാഞ്ഛിക്കുന്നു എന്നതിന് ദൈവം എന്റെ സാക്ഷി.

D. നമ്മുടെ ഹൃദയത്തിന്റെ പ്രധാന ഭാഗങ്ങളിൽ—നമ്മുടെ മനസ്സ്, ഇച്ഛ, വികാരത്തിൽ— ജീവൻ എന്ന നിലയിൽ ക്രിസ്തുവിന് തന്റെ ഭവനം പണിയുവാൻ തക്കവണ്ണം നാം അനുദിനം അകത്തെ മനുഷ്യനിലേക്ക്

ശക്തിപ്പെടണം—എഫെ. 3:16-17.

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

**V. മനുഷ്യൻ തന്റെ ജീവൻ നേടുകയും തന്റെ ജീവനിൽ വളരുകയും പക്വത പ്രാപിക്കുകയും ചെയ്യുക എന്നതാണ് ഈ യുഗത്തിൽ ദൈവത്തിന്റെ കേന്ദ്രീയ വേല എന്ന് കാണുവാൻ കർത്താവ് നമ്മോട് കരുണ കാണിക്കുകയും നമ്മുടെ കണ്ണുകൾ തുറക്കുകയും ചെയ്യട്ടെ; നമ്മുടെ വേല കർത്താവിന്റെ ജീവനെ മറ്റുള്ളവർക്ക് നിവേശിപ്പിക്കുന്നതും പകരുന്നതും ആയിരിക്കണം; അവന്റെ ജീവനിൽ നിന്ന് പുറപ്പെടുന്ന വേലയ്ക്കു മാത്രമേ അവന്റെ ശാശ്വത നിലവാരത്തിലെത്തുവാനും അവനാൽ അംഗീകരിക്കപ്പെടാനും കഴിയുകയുള്ളൂ—യോഹ. 7:37-39; 2 കൊരി. 4:10-12; 1 യോഹ. 5:16; 2 കൊരി. 3:3, 6.**

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

2 Cor. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 Cor. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 Cor. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

1 John. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

2 Cor. 3:3 ഞങ്ങളാൽ ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിന്റെ എഴുത്തായി നിങ്ങൾ വെളിവായിക്കൊണ്ടിരിക്കുന്നുവല്ലോ, മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ തന്നെ, കൽപ്പലകകളിലല്ല മാംസഹൃദയപലകകളിൽ തന്നെ കൊത്തിവച്ചിരിക്കുന്നത്.

2 Cor. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.